# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3944** **31.01.2014- ൽ മറുപടിക്ക്**

**"ഒരു ലക്ഷം രൂപ പദ്ധതിച്ചെലവുള്ള വ്യവസായ സംരംഭങ്ങൾക്ക് സബ്സിഡി"**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. സി. രവീന്ദ്രനാഥ്** | | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| എ) | ഒരു ലക്ഷം രൂപയും അതിൽ താഴെയും പദ്ധതിച്ചെലവുള്ള വ്യവസായ സംരംഭങ്ങൾക്ക് വകുപ്പുമുഖേന പദ്ധതി ആവിഷ്കരിച്ച് സബ്സിഡിക്കായി പ്രത്യേക ഫണ്ട് വകയിരുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യം നൽകുന്നതിനായി സംരംഭകത്വ സഹായ പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം മൊത്തം പദ്ധതി ചെലവിന് കുറഞ്ഞ പരിധി നിശ്ചയിച്ചിട്ടില്ല. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ നിക്ഷേപ പരിധികളിലുള്ള എല്ലാ വ്യവസായങ്ങൾക്കും സംരംഭകത്വ സഹായ പദ്ധതി ബാധകമാണ്. ഈ പദ്ധതി അല്ലാതെ ഒരു ലക്ഷം രൂപയും അതിൽ താഴെയും പദ്ധതി ചെലവുള്ള വ്യവസായ സംരംഭങ്ങൾക്ക് വ്യവസായ വകുപ്പ് മുഖേന പദ്ധതി ആവിഷ്കരിച്ച് സബ്സിഡിക്കായി പ്രത്യേക ഫണ്ട് വകയിരുത്തി നടപ്പിലാക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |
| ബി) | എങ്കിൽ, അതിന്റെ പുരോഗതി വിശദമാക്കാമോ? | ബി) | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**